A3-5490/2021

"ഭരണ ഭാഷ - മാതൃഭാഷ"

നം.എം4/278954/2021/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 15/09/2021.
ഫോൺ നം: 0471-2580595
ഇ-മെയിൽ supdtm.dge@kerala.gov.in

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം.

വനിതാ ശിശുവികസന ഡയറക്ടർ
വനിതാ ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - അനീമിയയ്ക്കെതിരായ ബോധവൽക്കരണം 'ക്യാമ്പയിൻ 12' പരിപാടികൾ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- വനിത ശിശുവികസന ഡയറക്ടറുടെ 06/09/2021 തീയതിയിലെ ഐ.സി.ഡി.എസ്/എ2/2260/2021 നമ്പർ കത്ത്.

........

സൂചനയിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന കത്തിൽ ആവശ്യപ്പെട്ടതിൻ പ്രകാരം സ്ത്രീകളുടേയും കുട്ടികളുടേയും വിളർച്ച തടയുക എന്ന ലക്ഷ്യപ്രാപ്തിയ്ക്കായി നടപ്പിലാക്കുന്ന 'ക്യാമ്പയിൻ 12' എന്ന ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി സെപ്റ്റംബർ മാസം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഓൺലൈൻ മുഖേന നടത്തുന്ന രക്ഷാകർതൃയോഗങ്ങളിൽ അനീമിയ ബോധവത്ക്കരണങ്ങൾക്കായുള്ള സന്ദേശങ്ങൾ ഉൾപ്പെടുത്തിയ ലഘു വീഡിയോ പ്രദർശിപ്പിക്കുന്നതിനുള്ള അനുമതി നൽകുന്നു.

വിശ്വസ്തതയോടെ,

ഷൈൻമോൻ എം.കെ.
പെൻ- 425084
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:
1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ല/ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും
3) എല്ലാ പ്രഥമാദ്ധ്യാപകർക്കും
( വിദ്യാഭ്യാസ ആഫീസർമാർ മുഖേന)

} അറിവിലേയ്ക്കും ആവശ്യമായ തുടർ നടപടികൾക്കുമായി

Ks/

ഭരണഭാഷ-മാതൃഭാഷ

നം.ICDS/A2-2250/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 06.09.2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ

ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്,
തിരുവനന്തപുരം

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് – അനീമിയക്കെതിരായ ബോധവൽക്കരണം-ക്യാംപെയിൻ 12 പരിപാടികൾ സംഘടിപ്പിക്കുന്നത് -സംബന്ധിച്ച്.

സൂചന:

ആരോഗ്യവുമായി ബന്ധപ്പെട്ട് എല്ലാ സൂചികകളിലും സംസ്ഥാനം ബഹുദൂരം മുന്നിലാണെങ്കിലും സ്ത്രീകളുടെയും കുട്ടികളുടേയും ഇടയിലുള്ള പോഷകാഹാരക്കുറവിന്റെ കാര്യത്തിൽ, പ്രത്യേകിച്ച് വിളർച്ചയുടെ കാര്യത്തിൽ ഒന്നുകൂടി മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് മാറുക എന്ന ലക്ഷ്യ പ്രാപ്തിയ്ക്കായി ഊർജ്ജിത വിളർച്ച നിയന്ത്രണയജ്ഞം പരിപാടി "ക്യാംപെയിൻ 12" എന്ന പേരിൽ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നുണ്ട്. വിളർച്ച തടയാനുള്ള സന്ദേശങ്ങൾ, പോസ്റ്ററുകൾ, ലഘുവീഡിയോകൾ തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ സമൂഹത്തിന്റെ താഴെ തട്ടിലടക്കം അനീമിയക്കെതിരായ സന്ദേശം എത്തിക്കുക എന്നതാണ് ടി പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. നിലവിൽ NFHS-5 പ്രകാരം കുട്ടികളിലെ അനീമിയ നിരക്ക് 39.4 ആണ്. അനീമിയ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകൾ കേന്ദ്രീകരിച്ച് WIFS ഗുളിക വിതരണം നടത്തിവന്നിരുന്നു. എന്നാൽ കോവിഡ് രോഗ വ്യാപനത്തോടെ സ്കൂളുകൾ പൂട്ടിയ സാഹചര്യത്തിൽ WIFS ഗുളികകൾ വിതരണം നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. പ്രസ്തുത സാഹചര്യത്തിൽ കുട്ടികൾ വീടുകളിൽ കഴിയുന്നതിനാൽ അനീമിയ ചെറുക്കുന്നതിനായുള്ള ഭക്ഷണ ക്രമീകരണങ്ങൾ സംബന്ധിച്ച് രക്ഷിതാക്കൾക്ക് കൃത്യമായ ബോധവൽക്കരണം നടത്തുന്നതിലൂടെ മാത്രമെ അനീമിയ ഒരു പരിധിവരെ ചെറുക്കാൻ സാധിക്കുകയുള്ളൂ. ഈ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ഇത്തരത്തിൽ ഒരു കാമ്പയിൻ പ്രവർത്തനം വകുപ്പ് ആസൂത്രണം ചെയ്തത്.

M4
14/09/21

M section

K.SHINEMON
ADPI

"ക്യാംപെയിൻ 12" പരിപാടിയുടെ പ്രചരാണാർത്ഥം 2021 ജനവരി മാസം മുതൽ 2021 ആഗസ്റ്റ് വരെയുള്ള കാലയളവിൽ വിവിധ സർക്കാർ വകുപ്പുകളുമായി സംയോജിച്ച് സമൂഹത്തിലെ വിവിധ തലങ്ങളിലുള്ള ആളുകൾക്കായി അനീമിയ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. 2021 സെപ്റ്റംബർ മാസത്തെ ക്യാപെയിൻ 12 പരിപാടികൾ വിദ്യാഭ്യാസ വകുപ്പുമായി സംയോജിച്ച് നടത്തുന്നതിന് ഉദ്ദേശിക്കുന്നു. കോവിഡ് 19 രോഗവ്യാപനം തുടരുന്ന സാഹചര്യത്തിൽ online ബോധവൽക്കരണ പരിപാടികൾ ആണ് സംഘടിപ്പിക്കുന്നത്.

പ്രസ്തുത സാഹചര്യത്തിൽ സ്കൂൾ തലത്തിലുള്ള കുട്ടികളുടെ രക്ഷകർത്തൃ-യോഗത്തിൽ (ഓൺലൈൻ ) അനീമിയ രോഗം സംബന്ധിച്ചും അനീമിയ ഒഴിവാക്കുന്നതിന് അവലംബിക്കേണ്ട മാർഗ്ഗങ്ങൾ, ഭക്ഷണക്രമം എന്നിവ സംബന്ധിച്ചും നാഷണൽ ഹെൽത്ത്മിഷൻ സംസ്ഥാന നോഡൽ ഓഫീസറായ ഡോ. അമർ ഫെറ്റിൽ നടത്തുന്ന വകുപ്പ് തയ്യാറാക്കിയ ബോധവൽക്കരണ വീഡിയോ (8 മിനിറ്റ് ദൈർഘ്യമുള്ള ഷോർട്ട് വീഡിയോ) പ്രദർശിപ്പിക്കുന്നത് ഉചിതമായിരിക്കും.

മേൽ സാഹചര്യത്തിൽ സ്ത്രീകളിലേയും കുട്ടികളിലേയും വിളർച്ച തടയുക എന്ന ലക്ഷ്യപ്രാപ്തിക്കായി സെപ്റ്റംബർ മാസം സർക്കാർ /എയ്ഡഡ് സ്കൂളുകളിൽ നടത്തുന്ന രക്ഷകർത്തൃയോഗങ്ങളിൽ (ഓൺലൈൻ) അനീമിയ ബോധവൽക്കരണങ്ങൾക്കായുള്ള സന്ദേശങ്ങൾ ഉൾപ്പെടുത്തിയ ലഘു വീഡിയോ പ്രദർശിപ്പിക്കുന്നതിനായുള്ള അനുമതിയും തുടർ നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

SOPHY JACOB
PEN 457974
Assistant Director
Women and Child Development Department
Thiruvananthapuram - 695 012

My/

9446208792.

പുറത്തെഴുത്ത് നമ്പർ: A3/5490/21 തീയതി. 1/10/2021

[illegible]